


# 'ഹില്ലി അക്വ' കുടിവെള്ള വിതരണത്തിനും കുടുംബശ്രീ

കേരളത്തിലെ ജലവിഭവ വകുപ്പിന്റെ കീഴിലുള്ള ഒരു പൊതുമേഖലാ സ്ഥാപനമാണ് കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (കെ.ഐ.ഐ.ഡി.സി). അരുവിക്കര ഡാമിന് സമീപം കേരള വാട്ടർ അതോറിറ്റിയുടെ കൈവശമുള്ള സ്ഥലത്തുള്ള പ്ലാന്റ് മുഖേന 'ഹില്ലി അക്വ' എന്ന ബ്രാൻഡിൽ കുടിവെള്ളം ലഭ്യമാക്കുന്ന പദ്ധതി കെ.ഐ.ഐ.ഡി.സി ജനുവരി 16 മുതൽ ആരംഭിക്കുകയാണ്. 20 ലിറ്ററിന്റെ 2720 ജാർ കുടിവെള്ളം പ്രതിദിനം ഉത്പാദിപ്പിക്കാൻ ശേഷിയുള്ള അത്യാധുനിക യന്ത്ര സംവിധാനമാണ് അരുവിക്കരയിലെ പ്ലാന്റിൽ സ്ഥാപിച്ചിട്ടുള്ളത്. പൂർണ്ണമായും കൈതൊടാതെ, യന്ത്ര സഹായത്താൽ തയാറാക്കുന്ന ഈ കുടിവെള്ളം കേരള സർക്കാരിന്റെ സ്വന്തം ബ്രാൻഡ് കുടിവെള്ളവുമാണ്. ബിഐഎസ്, എഫ്എസ്എസ്എഐ എന്നീ ഗുണനിലവാര അംഗീകാരങ്ങളും നേടിയ അരുവിക്കര പ്ലാന്റിൽ നിന്നുള്ള ഈ കുടിവെള്ളം വിതരണം ചെയ്യാനുള്ള അവസരം ഇപ്പോൾ കുടുംബശ്രീയ്ക്ക് ലഭ്യമായിരിക്കുകയാണ്.

ജനുവരി 16നാണ് ഈ പദ്ധതിയുടെ ഉദ്ഘാടനം നടക്കുക. കുടിവെള്ള വിതരണത്തിനായി കെ.ഐ.ഐ.ഡി.സിയുമായി കുടുംബശ്രീ കരാറിലെത്തിയിരിക്കുകയാണ്. 20 ലിറ്റർ കുടിവെള്ള ജാർ ഒന്നിന് 60 രൂപയാണ് ഉപഭോക്താക്കളിൽ നിന്ന് വിലയായി ഈടാക്കുന്നത്. കുടുംബശ്രീ തിരുവനന്തപുരം ജില്ലാ ടീമിന്റെ നേതൃത്വത്തിൽ ആറ് യുവതീയുവാക്കളടങ്ങുന്ന 'സാന്ത്വനം' എന്ന യുവശ്രീ ഗ്രൂപ്പിനെയാണ് കുടിവെള്ള വിതരണത്തിനും മാർക്കറ്റിങ്ങിനും മറ്റുമായി നിയോഗിച്ചിരിക്കുന്നത്. ജില്ലയിലെ വിവിധ സിഡിഎസുകളുടെ കീഴിലുള്ളവരാണിവർ. പദ്ധതിയുടെ വിശദാംശങ്ങൾ ഈ യൂണിറ്റ് അംഗങ്ങൾ പൊതുജനങ്ങളിലേക്കെത്തിക്കുകയും കുടിവെള്ളം ആവശ്യമുള്ളവരെ കണ്ടെത്തുകയും ചെയ്യുന്നു. പ്ലാന്റിന്റെ പ്രവർത്തനം ആരംഭിക്കുന്നത് മുതൽ വാടകയ്ക്കെടുത്ത വാഹനത്തിൽ ആവശ്യക്കാർക്കായി കുടിവെള്ളം എത്തിച്ച് നൽകുകയും ചെയ്യും. ഈ ടീം അംഗങ്ങൾക്കുള്ള പരിശീലനം ഇപ്പോൾ പൂർത്തിയാക്കിക്കഴിഞ്ഞു. ആറ് കുടുംബങ്ങൾക്ക് ഈ പദ്ധതി വഴി ഉപജീവന അവസരവും ലഭിച്ചിരിക്കുകയാണ്. കൂടുതൽ വിവരങ്ങൾക്ക് 8086353144 എന്ന നമ്പരിൽ വിളിക്കാം.

ശുദ്ധമായ കുടിവെള്ളം ന്യായമായ വിലയിൽ കുടുംബശ്രീ സംവിധാനം മുഖേന ആവശ്യക്കാർക്ക് ലഭ്യമാക്കാൻ ഈ പദ്ധതിയിലൂടെ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ ഈ പ്രോജക്ട് സാന്ത്വനം ഗ്രൂപ്പ് അംഗങ്ങൾക്ക് മികച്ച വരുമാനം നേടിക്കൊടുക്കട്ടെയെന്നും ആശംസിക്കുന്നു. പദ്ധതിക്ക് മുൻകൈയെടുത്ത ജില്ലാ ടീമിന് അഭിനന്ദനങ്ങൾ!